


തയ്യാറാക്കിയത്
**പ്രവീണ ആർ, പ്രിയ ജോർജ് & ലിജോ തോമസ്**



പ്രസാധകൻ
**ഡയറക്ടർ, ഐ.സി.എ.ആർ–ഐ.ഐ.എസ്.ആർ**
(ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം)
കോഴിക്കോട് - 673012, കേരളം

**കൂടുതൽ വിവരങ്ങൾക്ക്– 0495 2730704**



2023/03
Extension Folder




# പൊച്ചോണിൻ ജൈവ നിമാവിരനാശിനി

**ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം**
**കോഴിക്കോട്, കേരളം**

# എന്താണ് പൊച്ചോണിൻ ?

പൊച്ചോണിയ ക്ലാമിഡോസ്പോറിയ എന്ന ജൈവനിമാവിര നാശിനിയായ കുമിളിന്റെ ദ്രാവക രൂപത്തിലുള്ള ഉൽപന്നമാണ് പൊച്ചോണിൻ. രോഗകീട നിയന്ത്രണത്തിന് കർഷകർക്ക് സുപരിചിതമായ ട്രൈക്കോഡെർമ, മെറ്റാറൈസിയം, ബിവേറിയ തുടങ്ങിയ മിത്രകുമിളുകളെ പോലെ നിമാവിരയ്ക്കെതിരെ ഫലപ്രദമായി ഉപയോഗിക്കാവുന്ന മിത്ര കുമിളാണ് പൊച്ചോണിയ ക്ലാമിഡോസ്പോറിയ. നിമാവിര നിയന്ത്രണത്തിന് പ്രയോഗിച്ച് വരുന്ന ചില രാസ കീടനാശിനികൾ ഇപ്പോൾ നിരോധിത കീടനാശിനി ഗണത്തിൽ പെടുന്നു എന്നതും പൊച്ചോണിയയുടെ പ്രാധാന്യം വർധിപ്പിക്കുന്നു. നിമാവിരകളുടെ ജൈവിക നിയന്ത്രണത്തിന് ഉത്തമമായ ഈ മിത്രകുമിൾ, മണ്ണിൽ നിന്നും വേർതിരിച്ച് എടുത്തതാണ്. മണ്ണിൽ സ്വതന്ത്രമായും പരാദമായും വൈവിധ്യമാർന്ന ജീവിത ശൈലി സ്വീകരിക്കാൻ കഴിവുള്ളതിനാൽ കൃഷിയിടങ്ങളിൽ ഇവയ്ക്ക് സ്ഥിരതയാർന്ന പ്രകടനം കാഴ്ച വയ്ക്കാൻ സാധിക്കും.



## ഏതൊക്കെ നിമാവിരകൾക്ക് ?

പ്രധാനമായും കൂട്ടം കൂട്ടമായി മുട്ടകളിടുന്ന വേരുബന്ധക നിമാവിരകൾ അഥവാ സിസ്റ്റ് നിമാവിരകളുടെ ശത്രുവായിട്ടാണ് പൊച്ചോണിയ അറിയപ്പെടുന്നതെങ്കിലും ഇതര വർഗ്ഗത്തിൽപ്പെട്ട നിമാവിരകളെയും ഒരു പരിധി വരെ പ്രതിരോധിക്കാൻ ഇവയ്ക്ക് കഴിയും. സസ്യങ്ങൾക്കുള്ളിൽ പടർന്ന് വ്യാപിക്കാനുള്ള കഴിവ്, സസ്യങ്ങൾ പുറപ്പെടുവിക്കുന്ന പോഷകാംശങ്ങൾ സ്വീകരിച്ച് പെരുകാനുള്ള ശേഷി എന്നിവ ഈ കുമിളിന്റെ പ്രത്യേകതകളാണ്.

## എങ്ങനെ ഉപയോഗിക്കണം ?

ദ്രാവക രൂപത്തിൽ ഉള്ള പൊച്ചോണിയ ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ (1ml/litre) ചേർപ്പിച്ച് ചെടിയുടെ ചുവട്ടിൽ ഒഴിച്ച് കൊടുക്കാവുന്നതാണ്. ചെടികളുടെ ചുവടിനോട് ചേർന്ന മണ്ണ് നന്നായി കുതിരുന്ന അളവിൽ ലായനി ഒഴിക്കുക. ഉദാഹരണത്തിന് നല്ല വളർച്ച എത്തിയ കുരുമുളക് വള്ളിയ്ക്ക് ഏകദേശം 5 - 8 ലിറ്റർ ലായനി വേണ്ടിവരും. ഒഴിച്ച് കൊടുക്കുമ്പോൾ മണ്ണിൽ ധരാളം ജൈവാംശം ഉണ്ടായിരിക്കേണ്ടതാണ്. വർഷത്തിൽ രണ്ടു തവണ അതായത് കാലവർഷത്തിന് മുൻപായും (മെയ്- ജൂൺ) തുലാവർഷത്തിനൊടുവിലായും (സെപ്തംബർ - ഒക്ടോബർ) ചെടികൾക്ക് കൊടുക്കാം.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- വിളകൾക്ക് ഒഴിച്ച് കൊടുക്കുമ്പോൾ മണ്ണിൽ ആവശ്യത്തിന് ജൈവാംശം ഉണ്ട് എന്ന് ഉറപ്പ് വരുത്തുക.
- വെള്ളം കെട്ടി നിൽക്കുന്ന മണ്ണിലും ഈർപ്പം കുറഞ്ഞ മണ്ണിലും പൊച്ചോണിയ ഉപയോഗിക്കരുത്.
- ചാരം, കുമ്മായം മുതലായവയുടെ കൂടെ ഉപയോഗിക്കരുത്.
- പൊച്ചോണിയ ഉപയോഗിച്ച് 10 - 14 ദിവസത്തിന് ശേഷം മാത്രമേ രാസവളങ്ങളും ഇതര കീടനാശിനികളും പ്രയോഗിക്കാവൂ.
- ഉൽപ്പന്നത്തിന്റെ കാലാവധി തീരുന്നതിനു മുമ്പ് ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക.